**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

24.11.2018

# പത്രക്കുറിപ്പ്

## ഹരിതകേരളം മിഷൻ: നെടുമങ്ങാട് ബ്ലോക്ക്പഞ്ചായത്ത്
## മാതൃകാ കാർഷിക കർമ്മ പരിപാടി ശിൽപ്പശാലയ്ക്ക് തുടക്കമായി

ഹരിതകേരളം മിഷന്റെയും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന മാതൃകാ കാർഷിക കർമ്മ പരിപാടി അനുഭവം പങ്കുവയ്ക്കൽ ശിൽപ്പശാലയ്ക്ക് തുടക്കമായി. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിജയകരമായി നടപ്പാക്കിയ ജൈവഗ്രാമം പദ്ധതിയെ മാതൃകയാക്കിയാണ് ശിൽപ്പശാല. ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ഉദ്ഘാടനം ചെയ്തു. കാർഷിക മേഖലയിൽ ഹരിതകേരളം മിഷൻ മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ മാതൃകാപരമായ നേട്ടമാണ് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് കൈവരിച്ചിട്ടുള്ളതെന്ന് ഡോ.ടി.എൻ. സീമ അഭിപ്രായപ്പെട്ടു. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.ബിജു അധ്യക്ഷനായിരുന്നു. ജൈവഗ്രാമം മുഴുവൻ സന്ദർശിച്ച് വിജയമാതൃക നേരിട്ടു മനസ്സിലാക്കാനും മറ്റു ബ്ലോക്കുകളിൽ പദ്ധതി വ്യാപിപ്പിക്കാനും ലക്ഷ്യമിട്ട് സംഘടിപ്പിച്ചിട്ടുള്ള ശിൽപ്പശാലയിൽ സംസ്ഥാനത്തു നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട 20 ബ്ലോക്ക് പഞ്ചായത്തുകളിലെ പ്രസിഡന്റ്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പ്രതിനിധികളായി പങ്കെടുക്കുന്നുണ്ട്. ശിൽപ്പശാലയുടെ രണ്ടാം ദിവസമായ ഇന്ന് (24.11.2018) ജിയോ ഇൻഫർമേറ്റിക് പഞ്ചായത്ത് എന്ന വിഷയത്തിൽ ക്ലാസ്സും മാതൃകാ പദ്ധതികളുടെ അവതരണവും നടക്കും. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഡോ.പി.കെ ജയശ്രീ.ഐ.എ.എസ് പങ്കെടുക്കും. മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാതൃകാ ജൈവ ഗ്രാമം പദ്ധതി നടപ്പാക്കാനുള്ള പദ്ധതി ആസൂത്രണവും ശിൽപ്പശാലയിൽ നടക്കും.

**ഒപ്പ്/-**
**ഡോ.ടി.എൻ സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിതകേരളം മിഷൻ**

**റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004**
**ഫോൺ : 0471 2449939, ഇ-മെയിൽ :** haritham@kerala.gov.in